"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- - പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംസ്ഥാന തലയോഗം സംഘടിപ്പിക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.325/2025/SCSTD തീയതി,തിരുവനന്തപുരം, 16-05-2025

പരാമർശം:-
1. സ.ഉ (കൈ ) നം 43/ 2025/ ജി.എ.ഡി തീയതി 22-03-2025
2. സ.ഉ (കൈ ) നം 3/2025/I&PRD തീയതി 19-04-2025
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 09-05-2025 തീയതിയിലെ SCDD/2787/2025-P1 (PL) (1) നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന സർക്കാർ അധികാരത്തിലേറി നാല് വർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ മന്ത്രിസഭയുടെ നാലാം വാർഷിക ആഘോഷപരിപാടികളുടെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുവാൻ സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സൂചന (1) ഉത്തരവു പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട് 2025 മെയ് 18- ന് പാലക്കാട്ടു ജില്ലയിൽ വച്ച് സംഘടിപ്പിക്കുന്ന സംസ്ഥാനതല യോഗം നടത്തുന്നതിന് തീരുമാനിച്ചുണ്ട്. ടി സംസ്ഥാനതലയോഗം സംഘടിപ്പിക്കുന്നതിനുള്ള ചെലവിനത്തിൽ ചുവടെ ചേർക്കുന്നത് പ്രകാരം ആകെ 17,50,000/- (പതിനേഴ് ലക്ഷത്തി അമ്പതിനായിരം മാത്രം) രൂപ നടപ്പ സാമ്പത്തിക വർഷത്തെ 2225-01-001-94-34 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | ട്രാൻസ്പോർട്ടേഷൻ | 1,50,000/- |
| 2 | അക്കോമഡേഷൻ | 3,00,000/- |
| 3 | സ്റ്റേജ് & ഹാൾ | 3,00,000/- |
| 4 | എക്സിബിഷൻ | 1,00,000/- |
| 5 | ഭക്ഷണം | 4,00,000/- |
| 6 | രജിസ്ട്രേഷൻ | 4,00,000/- |
| 7 | പ്രചാരണം | 1,00,000/- |
| | **ആകെ** | **17,50,000/-<br>(ആകെ പതിനേഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം)** |

4. മേൽപ്പറഞ്ഞ യോഗം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്നതാകയാൽ രണ്ടു വകുപ്പുകൾക്കും വേണ്ടിയുള്ള തുകയാണ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ളത്. 2225-01-001-94-34 (പ്ലാൻ) എന്ന ശീർഷകത്തിൽ 2025-26 വർഷം അനുവദിച്ചിട്ടുള്ള 3 കോടി രൂപ പട്ടികജാതി വികസന വകുപ്പിന്റെ ആധുനിക വൽക്കരണവും ഇ- ഗവേർണൻസ് സംരംഭങ്ങൾ എന്നിവക്കായി വകയിരിത്തിയിട്ടുള്ളതാണ്. ആയതിനാൽ പട്ടികജാതി വികസന വകുപ്പിൻറെ ശീർഷകത്തിൽ നിന്നും ചെലവാകുന്ന തുകയുടെ ആനുപാതിക തുക കണക്കാക്കി, പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികജാതി വികസന വകുപ്പിന് തിരികെ ലഭ്യമാക്കേണ്ടതുണ്ട്.

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 മെയ് 18- നു പാലക്കാട്ടു ജില്ലയിൽ വെച്ച് സംഘടിപ്പിക്കുന്ന സംസ്ഥാനതല യോഗവുമായി ബന്ധപ്പെട്ടു 17,50,000/- (പതിനേഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2225-01-001-94-34 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പട്ടിക വർഗ്ഗ വികസന വകുപ്പിന് ചെലവാകുന്ന തുക ആനുപാതികമായി കണക്കാക്കി, പട്ടികജാതി വികസന വകുപ്പിന് തിരികെ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHANAVAS KHAN E
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
2.ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ ) കേരളം, തിരുവനന്തപുരം.
4.ധനകാര്യ വകുപ്പ് ( 14.05.2025ലെ ഫയൽ നം: SCSTDD-B2/100/2025-SCSTDD )
5. വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
6. കരുതൽഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 16-05-2025 13:05:32

പകർപ്പ്: - ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി എസിന്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എയ്ക്ക്